**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2342** **30-07-2021 - ൽ മറുപടിയ്ക്ക്**

**കലാഭവൻ മണിക്ക് സ്മാരകം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | **Shri Saji Cherian**<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | കലാഭവൻ മണിക്ക് ഉചിതമായ സ്മാരകം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ സ്മാരകം നിർമ്മിക്കുന്നത് എവിടെയാണെന്നും നിർമ്മാണം എന്നേക്ക് ആരംഭിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കാമോ? | (എ) | ചാലക്കുടിയിൽ കലാഭവൻ മണിക്ക് സ്മാരകം നിർമ്മിക്കുന്നതിന് 2016-17 സാമ്പത്തിക വർഷം 50 ലക്ഷം രൂപയുടെ ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്. സ്മാരകം നിർമ്മിക്കുന്നതിന് ചാലക്കുടി താലൂക്കിൽ കിഴക്കെ ചാലക്കുടി വില്ലേജിൽ സർവ്വേ 438/4 ൽ 20 സെന്റ് ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തി സാംസ്കാരിക വകുപ്പിന് ഉപയോഗാനുമതി നൽകി തൃശ്ശൂർ ജില്ലാ കളക്ടർ ഉത്തരവായിട്ടുണ്ട്. സ്മാരക നിർമ്മാണത്തിനായി പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം തയ്യാറാക്കിയ പ്ലാൻ പ്രകാരം ആകെ എസ്റ്റിമേറ്റ് തുക മൂന്ന് കോടി രൂപയുടെ പദ്ധതിക്ക് പുതുക്കിയ ഭരണാനുമതി നൽകുന്നതും, ഇക്കാര്യത്തിന് ഒരു കോടി രൂപ ആദ്യ ഗഡുവായി റിലീസ് ചെയ്യുന്നതും സംബന്ധിച്ച ഫയൽ സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ